# പൗരബോധം

**Que 1**: **“എല്ലാവരും നിയമവിധേയരാണ്” - ഈ പ്രസ്താവന ജനാധിപത്യത്തിലെ ഏത് ആശയത്തെ അടിസ്ഥാനമാക്കിയുള്ളതാണ്.**
***Marks :(1)***

**Ans:** നിയമവാഴ്ച

**Que 2: ചുവടെ ചേർത്തിരിക്കുന്ന സൂചനകൾ പൗരബോധ രൂപീകരണത്തിൽ ഏതു ഘടകത്തോടു ബന്ധപ്പെട്ടിരിക്കുന്നു എന്ന് രേഖപ്പെടുത്തുക.** ***Marks :(4)***

- **a) കർത്തവ്യബോധം - വളർത്തുകയും നിലനിർത്തുകയും ചെയ്യുന്നു**
- **b) മൂല്യാധിഷ്ഠിത സമീപനത്തിലൂടെ പൗരബോധം വളർത്തുന്നു**
- **c) സേവനസന്നദ്ധതയോടെ പ്രവർത്തിക്കാൻ ഒരു വ്യക്തിയെ പ്രാപ്തനാക്കുന്നു**
- **d) നിഷ്പക്ഷവും സ്വതന്ത്രവുമായിരിക്കണം**

**Ans:**

- a കുടുംബം
- b വിദ്യാഭ്യാസം
- c സംഘടനകള്
- d മാധ്യമങ്ങള്

**Que 3: ഹജ്ജബ്ബ,മയിലമ്മ തുടങ്ങിയവരില് പൗരബോധം വളര്ത്താനിടയാക്കിയ പ്രതികൂലവും വെല്ലുവിളികള് നിറഞ്ഞതുമായ സാഹചര്യങ്ങള് എന്തെല്ലാമായിരുന്നു?** ***Marks :(2)***

**Ans:** ഹജ്ജബ്ബ- തനിക്ക് വിദ്യാഭ്യാസം ലഭിക്കാതെ പോയ അവസ്ഥ

മയിലമ്മ - ബഹുരാഷ്ട്ര കമ്പനിയുടെ ജലചൂഷണം

**Que 4: മനുഷ്യന്റെ ചിന്തയെയും പ്രവര്ത്തനത്തെയും രൂപപ്പെടുത്തുന്ന ഒരു ഘടകമാണ് രാഷ്ട്രീയ വ്യവസ്ഥ. മറ്റു രണ്ടു ഘടകങ്ങള്കൂടി എഴുതുക.**
***Marks :(2)***

**Ans:**

- കുടുംബം
- വിദ്യാഭ്യാസം

- സാമൂഹിക വ്യവസ്ഥ
- സംഘടനകള് (2 എണ്ണം - 1 സ്കോർ വീതം)

**Que 5: ചില സാമുഹ്യപ്രശ്നങ്ങളും പരിഹാരമാർഗങ്ങളും ചുവടെ ചേർത്തിരിക്കുന്നു. യോജിക്കുന്നവ ചേർത്തെഴുതുക.** ***Marks :(3)***

**ജലക്ഷാമം - പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കല്**

**പരിസര മലിനീകരണം - പരാതിപ്പെടല്**

**അഴിമതി - മഴക്കുഴികൾ നിർമിക്കല്**

**Ans:** ജലക്ഷാമം- മഴക്കുഴികൾ നിർമിക്കല്

പരിസര മലിനീകരണം -പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കല്

അഴിമതി -പരാതിപ്പെടല്

**Que 6: പൗരബോധം വളര്ത്തുന്നതിലൂടെ രാജ്യവും സമൂഹവും ലക്ഷ്യമാക്കുന്നതെന്ത്?** ***Marks :(3)***

**Ans:**

- എല്ലാവരുടെയും ക്ഷേമം ഉറപ്പാക്കല്
- സമൂഹത്തിന്റെ പുനർനിർമാണം
- രാഷ്ട്രപുരോഗതിയും ഐക്യവും

**Que 7: പൗരബോധമില്ലെങ്കിൽ സമൂഹത്തെ പ്രതികൂലമായി ബാധിക്കുന്ന ഒരു പ്രവർത്തനം തെരഞ്ഞെടുത്തെഴുതുക.**

**(നിസ്വാർഥ പ്രവർത്തനം, എല്ലാവരുടെയും ക്ഷേമം ഉറപ്പാക്കൽ, എല്ലാ പ്രവർത്തനങ്ങളും സ്വന്തം നേട്ടത്തിനുവേണ്ടി, സമൂഹ പുനർനിർമാണ പ്രവർത്തനം)** ***Marks :(1)***

**Ans:** എല്ലാ പ്രവർത്തനങ്ങളും സ്വന്തം നേട്ടത്തിനുവേണ്ടി

**Que 8: ചുവടെ ചേർത്തിരിക്കുന്നതില് പൗരബോധത്തില് ഉൾപ്പെടുത്താന് കഴിയാത്തതേ?**

**(മൂല്യബോധം, സ്വാർത്ഥത, സേവന സന്നദ്ധത, ക്രിയാത്മക പ്രവർത്തനം)**
***Marks :(1)***

**Ans:** സ്വാർത്ഥത

**Que 9:** **'മാധ്യമങ്ങളില്നിന്നു ലഭിക്കുന്ന വിവരങ്ങള് വിമര്ശനാത്മകമായി വിലയിരുത്തണം' - സാധൂകരിക്കുക.** ***Marks :(2)***

**Ans:**

- മാധ്യമപ്രവർത്തനം നിഷ്പക്ഷവും സ്വതന്ത്രവും ആകണമെന്നില്ല
- ശരിയായതും വസ്തുനിഷ്ഠവുമായ വിവരങ്ങൾ നൽകണമെന്നില്ല

**Que 10: ചുവടെ ചേർത്തിരിക്കുന്ന വിവിധ മാർഗങ്ങളിലൂടെ പൗരബോധ രൂപീകരണത്തിലേക്ക് സമൂഹത്തെ എങ്ങനെ നയിക്കാമെന്ന് വിശദീകരിക്കുക.** ***Marks :(6)***

- **കുടുംബം**
- **വിദ്യാഭ്യാസം**
- **മാധ്യമങ്ങള്**

**Ans:**

- *കുടുംബം*
    - വ്യക്തിത്വരൂപീകരണത്തിൽ പങ്കു വഹിക്കുന്നു. മുതിർന്നവരെ ബഹുമാനിക്കാനും സമൂഹ സേവനത്തിലേർപ്പെടാനും പഠിപ്പിക്കുന്നു.
    - അംഗങ്ങളിൽ കർത്തവ്യബോധം വളർത്തുകയും നിലനിർത്തുകയും ചെയ്യുന്നു.
    - ഓരോ വ്യക്തിയും കുടുംബത്തിനുവേണ്ടിയും കുടുംബം സമൂഹത്തിനുവേണ്ടിയുമാണെന്ന ബോധം വളർത്തന്നു.

- *വിദ്യാഭ്യാസം*
    - അറിവ് സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുന്നു
    - മൂല്യബോധം, സഹിഷ്ണുത, നേതൃത്വഗുണം, പരിസ്ഥിതിബോധം, ശാസ്ത്രാവബോധം തുടങ്ങിയവ വളർത്തുന്നു
    - മൂല്യാധിഷ്ഠിത സമീപനത്തിലൂടെ പൗരബോധം വളർത്താനും ശാസ്ത്രവും സാങ്കേതികവിദ്യയും സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗപ്പെടുത്താനും കഴിയുന്നു.

- *മാധ്യമങ്ങള്*
    - അച്ചടിമാധ്യമങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളും സമൂഹത്തെ വളരെയധികം സ്വാധീനിക്കുന്നു
    - ശരിയായതും വസ്തുനിഷ്ഠവുമായ വിവരങ്ങൾ ക്രിയാത്മകമായ ആശയരൂപീകരണത്തിലേക്ക് നയിക്കുന്നു.

- മാധ്യമങ്ങൾ നിഷ്പക്ഷവും സ്വതന്ത്രവുമായിരിക്കണം. അതിന് മാധ്യമങ്ങളിൽനിന്നും ലഭിക്കുന്ന അറിവുകൾ വിമർശനാത്മകമായി വിലയിരുത്തണം


**Que 11: സാമൂഹ്യശാസ്ത്രപഠനത്തെ പൗരബോധ രൂപീകരണത്തിന് എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് വ്യക്തമാക്കുക.** ***Marks :(4)***


**Ans:**

- വൈവിധ്യങ്ങളെ ബഹുമാനിക്കാനും സഹിഷ്ണുതയോടെ പെരുമാറാനും വ്യക്തികളെ പ്രാപ്തരാക്കുന്നു
- രാഷ്ട്രീയ – സാമൂഹിക – സാമ്പത്തിക – പാരിസ്ഥിതിക പ്രശ്നങ്ങളുടെ വിവിധ പശ്ചാത്തലങ്ങൾ മനസ്സിലാക്കാൻ സഹായിക്കുന്നു.
- വിവിധ പ്രശ്നങ്ങൾക്കു സമഗ്രമായ പരിഹാരം നിർദ്ദേശിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുന്നു.
- സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും സന്ദേശം ജനങ്ങളിലെത്തിക്കുന്നു
- പൗരബോധത്തിന്റെ ഉത്തമ മാതൃകകളും പ്രവർത്തനങ്ങളും പരിചയപ്പെടുത്തി വ്യക്തികളെ പൗരബോധമുള്ളവരാക്കുകയും കർമനിരതരാക്കുകയും ചെയ്യുന്നു

(ഏതെങ്കിലും 4 എണ്ണം - 1 സ്കോർ വീതം)

**Que 12:**




**പൗരബോധം നേരിടുന്ന വെല്ലുവിളികളാണ് മുകളില് സുചിപ്പിച്ചിരിക്കുന്നത്. ഈ വെല്ലുവിളികളെ അതിജീവീക്കാന് കഴിയുന്ന ഏതെങ്കിലും നാലു മാര്ഗ്ഗങ്ങള് എഴുതുക**
***Marks :(4)***

**Ans:**

- ഓരോരുത്തരും അവരവരുടെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക
- പൊതു താല്പര്യങ്ങൾ ഹനിക്കാതെ സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി പരിശ്രമിക്കുക
- മറ്റുള്ളവരിൽ നിന്നും പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ നമ്മിൽനിന്നും തുടങ്ങുക
- ജനാധിപത്യത്തിലും സഹിഷ്ണുതയിലും അധിഷ്ഠിതമായി പ്രവർത്തിക്കുക

- അവകാശങ്ങൾക്കും ചുമതലകൾക്കും തുല്യപരിഗണന നൽകുക

**Que 13: പൗരബോധം വളര്ത്തുന്നതില് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വിശദീകരിക്കുക** ***Marks :(4)***

**Ans:** വിവിധ വിഷയങ്ങളുടെ പഠനത്തിലൂടെ ലഭിക്കുന്ന അറിവുകൾ സമൂഹത്തിനു പ്രയോജനകരമായ വിധത്തിൽ ഉപയോഗിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുന്നു.

മൂല്യബോധം, സഹിഷ്ണുത, നേതൃത്വഗുണം, പരിസ്ഥിതിബോധം, ശാസ്ത്രാവബോധം തുടങ്ങിയവ വളർത്തിയെടുക്കുന്നു.

ശാസ്ത്രസാങ്കേതികവിദ്യ സമുഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗപ്പെടുത്താൻ പരിശീലിപ്പിക്കുന്നു.

മൂല്യാധിഷ്ഠിത വിദ്യാഭ്യാസ സമീപനത്തിലൂടെ പൗരബോധം വളർത്തുന്നു.

**Que 14: വ്യക്തിത്വ രൂപീകരണത്തിലും പൗരബോധം വളര്ത്തുന്നതിലും കുടുംബത്തിന്റെ പങ്ക് വിശദീകരിക്കുക.** ***Marks :(3)***

**Ans:**

- മുതിർന്നവരെ ബഹുമാനിക്കാനും സാമൂഹ്യസേവനത്തിലേർപ്പെടാനും പഠിപ്പിക്കുന്നു
- കർത്തവ്യബോധം വളർത്തുകയും നിലനിർത്തുകയും ചെയ്യുന്നു
- ഓരോ വ്യക്തിയും കുടുംബത്തിനുവേണ്ടിയും കുടുംബം സമൂഹത്തിനുവേണ്ടുയുമാണെന്ന ബോധ്യം വളർത്തിയെടുക്കുന്നു.

**Que 15: പൗരബോധം രൂപപ്പെടുത്തുന്ന പ്രധാന ഘടകങ്ങളിലൊന്നാണ് കുടുംബം. മറ്റു രണ്ടു ഘടകങ്ങൾ എഴുതുക.** ***Marks :(2)***

**Ans:** വിദ്യാഭ്യാസം

സാമൂഹിക വ്യവസ്ഥ

രാഷ്ട്രീയ വ്യവസ്ഥ

**Que 16: പൗരബോധത്തിന്റെ അടിസ്ഥാനമെന്ത്?** ***Marks :(2)***

**Ans:** ഓരോരുത്തരുടെയും പ്രവർത്തനങ്ങൾ സമൂഹ ന്മയ്ക്കുവേണ്ടിയാകുമ്പോൾ സമൂഹത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന തിരിച്ചറിവ്.

**Que 17: എല്ലാ രാജ്യങ്ങളും സമുഹവും പൗരബോധം വളർത്തുന്നതിൽ വലിയ പ്രാധാന്യം കൽപ്പിക്കുന്നു. അതിനു പ്രേരകമാകുന്ന വസ്തുതകൾ എഴുതുക**
***Marks :(2)***

**Ans:**

- എല്ലാവരുടെയും ക്ഷേമം ഉറപ്പാക്കുന്നതിനും സമൂഹത്തിന്റെ പുനർനിർമാണത്തിനും

- രാഷ്ട്രപുരോഗതിക്കും ഐക്യത്തിനും

**Que 18: പൊതുസമൂഹം നേരിടുന്ന ചില പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു. അവയ്ക്കുള്ള ഓരോ പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുക.** ***Marks :(3)***

**a. ജലക്ഷാമം b. പരിസരമലിനീകരണം c. അഴിമതി**

**Ans:**

a

- കാര്യക്ഷമതയോടെയുള്ള ഉപയോഗം
- മഴവെള്ള സംഭരണം
- നീർത്തട സംരക്ഷണം

b

- ഉറവിട മാലിന്യ സംസ്കരണം
- മരങ്ങൾ വെച്ചുപിടിപ്പിക്കല്
- പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കല്

c

- അഴിമതിക്കെതിരായ ബോധവത്ക്കരണം
- പരാതിപ്പെടല്
- കാര്യസാധ്യത്തിന് നിയമപരമായ മാർഗങ്ങൾ സ്വീകരിക്കല്

**Que 19: കല്ലേന് പൊക്കുടന്, ഹജ്ജബ്ബ തുടങ്ങിയവരുടെ പ്രവര്ത്തനങ്ങളില് കാണാന് കഴിയുന്ന ഏതെങ്കിലും നാലു പ്രധാന സവിശേഷതകള് എഴുതുക.** ***Marks :(4)***

**Ans:**

- സാമൂഹിക പ്രതിബദ്ധത

- മൂല്യബോധം

- നിസ്വാർത്ഥത

- സേവനസന്നദ്ധത

- വ്യത്യസ്ത ചിന്ത

- സമൂഹത്തിന്റെയും സഹജീവികളുടെയും പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധം

- ക്രിയാത്മക മനോഭാവം

**Que 20: പൗരബോധവും ധാര്‍മികതയും തമ്മിലുള്ള ബന്ധം വ്യക്തമാക്കുക.** ***Marks :(2)***

**Ans:**

- പൗരബോധം ക്രിയാത്മകമായൊരു മാനസികാവസ്ഥയാണ്
- അത് വളർത്തിയെടുക്കാനുള്ള ഫലപ്രദമായൊരു മാർഗം ജീവിതത്തിന്റെ എല്ലാ മേഖലകളിലും ധാർമികബോധം വളർത്തി എടുക്കുക എന്നതാണ്.

**Que 21: ധാര്‍മികത എന്നതുകൊണ്ട് അര്‍ത്ഥമാക്കുന്നതെന്ത്?** ***Marks :(2)***

**Ans:** നന്മ-തിന്മകൾ തിരിച്ചറിഞ്ഞ് നന്മയെ സ്വീകരിക്കുയും കടമകൾ ഉത്തരവാദിത്വത്തോടെ നിർവഹിക്കുകയുമാണ് ധാർമികത

**Que 22: പൗരബോധം വളര്‍ത്തിയെടുക്കുന്നതിന് ദ്യാലയങ്ങളില്‍ നടപ്പാക്കുന്ന ഏതെങ്കിലും രണ്ടു പ്രവര്‍ത്തനങ്ങള്‍ എഴുതുക** ***Marks :(2)***

**Ans:**

- ജൈവ കൃഷി
- ട്രാഫിക് ബോധവത്ക്കരണം
- ലഹരി വിരുദ്ധ പ്രവർത്തനം
- ജീവകാരുണ്യ പ്രവർത്തനങ്ങള്‍

**Que 23: 'പൗരബോധം വളര്‍ത്തിയെടുക്കുന്നതിന് സഹായിക്കുന്ന എല്ലാ ഘടകങ്ങളുടെയും അടിസ്ഥാനം ജനാധിപത്യമാണ്.' ഈ പ്രസ്താവന സാധൂകരിക്കുക.** ***Marks :(4)***

**Ans:**

- ജനാധിപത്യം ഒരു ഭരണക്രമം എന്നതിലുപരി ഒരു ജീവിതശൈലിയാണ്
- ജനങ്ങളെ പരസ്പരസഹകരണത്തോടെ ജീവിക്കാൻ പ്രേരിപ്പിക്കുന്നു
- മറ്റുള്ളവരിൽനിന്നും സ്വീകരിക്കുന്ന സഹകരണവും പിന്തുണയും തിരികെ നൽകുകയെന്ന ഉയർന്ന ബോധം വളർത്തുന്നു
- ജനാധിപത്യം സഹജീവികളെക്കുറിച്ച് ചിന്തിക്കാനും അവരുടെ സ്വാതന്ത്ര്യം, സമത്വം, അവകാശം എന്നിവ സംരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിക്കാനും പ്രേരിപ്പിക്കുന്നു.

**Que 24: വിവിധ മാധ്യമങ്ങളിലൂടെയുള്ള വിവരവിനിമയം പൗരബോധരൂപീകരണത്തില്‍ എന്തുസ്വാധീനമാണ് ചെലുത്തുന്നത്?** ***Marks :(1)***

**Ans:** ക്രിയാത്മകമായ ആശയ രൂപീകരണത്തിന് സഹായിക്കുന്നു.

**Que 25: പൗരബോധം എന്ന ആശയം വ്യക്തമാക്കുക.** ***Marks :(2)***

**Ans:** ഓരോ പൗരനും സമൂഹത്തിനു വേണ്ടിയുള്ളതാണെന്നും സമൂഹത്തിന്റെ ഉത്തമ താല്പര്യങ്ങളാണ് പൗരന്റേതെന്നുമുള്ള തിരിച്ചറിവാണ് പൗരബോധം.

**Que 26: കല്ലേന് പൊക്കുടന്റെയും ഹജ്ജുബ്ബയുടെയും പ്രവര്ത്തനത്തിലൂടെ എന്തു സന്ദേശമാണ് സമൂഹത്തിന് ലഭിക്കുന്നത്?** ***Marks :(2)***

**Ans:**

- സാധാരണ വ്യക്തികൾക്കുപോലും വളരെ ശക്തമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയും.
- വ്യത്യസ്തമായ ചിന്ത,നിസ്വാർത്ഥ പ്രവർത്തനം, സമൂഹത്തിന്റെയും സഹജീവികളുടെയും പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധം, സേവനസന്നദ്ധത എന്നിവ എല്ലാ പൗരന്മാർക്കും ഉണ്ടാകണം.

**Que 27: വ്യക്തിത്വവികസനത്തിലും പൗരബോധം വളർത്തുന്നതിലും സംഘടനകൾ വഹിക്കുന്ന പങ്ക്**

**വ്യക്തമാക്കുക.** ***Marks :(4)***

**Ans:** സേവന സന്നദ്ധതയോടെ പ്രവർത്തിക്കാൻ ഒരു വ്യക്തിയെ പ്രാപ്തനാക്കുന്നു.

അധികാരവും അവകാശങ്ങളും ലഭ്യമാക്കി ജനങ്ങളെ ശാക്തീകരിക്കുന്നു.

ഓരോ വ്യക്തിയുടെയും ചിന്തയെയും പ്രവർത്തനങ്ങളെയും രൂപപ്പെടുത്തുന്നു.

ദേശീയബോധവും പൗരബോധവും വളർത്തുന്നു.

പാരിസ്ഥിതിക അവബോധവും മനുഷ്യാവകാശബോധവും സൃഷ്ടിക്കുന്നു.

(ഏതെങ്കിലും 4 എണ്ണം, 1 സ്കോർ വീതം)